**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4799** **20-07-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെൻറ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എസ്.പി.വി. യായി നിർമ്മാണം നടത്തുന്ന മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അകത്തേത്തറ നടക്കാവ് റെയിൽവേ മേൽപ്പാലം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(സാധാ)നം.1324/2016/പൊ.മ.വ. തീയതി 27/04/2016 ഉത്തരവ് പ്രകാരം ആർ.ബി.ഡി.സി.കെ.യെ SPV ആയി നിയമിച്ചു. അകത്തേത്തറ-നടക്കാവ് ഉൾപ്പെടെ 10 ആർ.ഒ.ബി.കൾക്കായി ആർ.ബി.ഡി.സി.കെ. Design Build Transfer വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ M/s.SPL Infrastructure Pvt.Ltd എന്ന കോൺട്രാക്ടറുമായി തുക ഉറപ്പിക്കുകയും ചെയ്തു. കരാറുകാരൻ പദ്ധതിയുടെ സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയാക്കി ഐ.ഐ.ടി.യുടെ അപ്രൂവൽ ലഭിച്ചതിന് ശേഷം 30.10.2021 നാണ് കരാറുകാരന് Notice to Proceed (NTP) നൽകിയത്. തുടർന്ന് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു.<br><br>അകത്തേത്തറ റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ ഭാഗം ഒഴികെ 16 സ്പാനുകളും 14 പിയറുകളും 2 അബട്ട്മെന്റും 64 പൈലുകളും ആണ് ഉള്ളത്. നാളിതുവരെ മുഴുവൻ പൈലിംഗ്, പൈൽ ക്യാപ്പ് പ്രവർത്തികൾ പൂർത്തിയാക്കി, 12/14 പിയർ ക്യാപ്പുകളും പൂർത്തിയാക്കി. ബാക്കി വരുന്ന പിയർ ക്യാപ്പുകളുടെ ഫാബ്രിക്കേഷൻ വർക്കുകൾ ഫാബ്രിക്കേഷൻ യാർഡിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഗർഡറുകളുടെ ഫാബ്രിക്കേഷൻ വർക്കുകൾ ഉടനെ തുടങ്ങാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന സർവ്വീസ് റോഡിന്റെയും ഡ്രെയിനേജിന്റെയും നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കി | (ബി) | മേൽപ്പാലത്തിന്റെ റെയിൽവേയുടെ ഭാഗം |

| | | | |
|---|---|---|---|
| | ജനങ്ങൾക്കായി തുറന്ന് നൽകുവാൻ സാധിക്കുമെന്ന് അറിയിക്കാമോ? | | റെയിൽവേ നേരിട്ട് നിർമ്മിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ റെയിൽവേ ആരംഭിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.യുടെ കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 31.12.2022 ന് പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ